മലയാള മനോരമ




കേന്ദ്ര സാഹിത്യ അക്കാദമിയും ഏറ്റുമാനൂരപ്പൻ കോളജ് മലയാളം വിഭാഗവും ചേർന്നു നടത്തിയ കെ.സുരേന്ദ്രൻ ജന്മശതാബ്ദി സെമിനാർ മലയാള മനോരമ സീനിയർ അസോഷ്യേറ്റ് എഡിറ്റർ ജോസ് പനച്ചിപ്പുറം ഉദ്ഘാടനം ചെയ്യുന്നു. മലയാള വിഭാഗം മേധാവി ഡോ. എ.മോഹനാക്ഷൻ നായർ, ഡോ. ടി.കെ.സന്തോഷ്കുമാർ, കോളജ് പ്രിൻസിപ്പൽ ആർ.ഹേമന്ത് കുമാർ, ഡോ. സാബു കോട്ടുക്കൽ എന്നിവർ സമീപം. ചിത്രം: മനോരമ

# കെ.സുരേന്ദ്രൻ ജന്മശതാബ്ദി സെമിനാർ

ഏറ്റുമാനൂർ ● കേന്ദ്ര സാഹിത്യ അക്കാദമിയും ഏറ്റുമാനൂരപ്പൻ കോളജും ചേർന്നു നടത്തിയ കെ. സുരേന്ദ്രൻ ജന്മശതാബ്ദി സെമിനാർ മലയാള മനോരമ സീനിയർ അസോഷ്യേറ്റ് എഡിറ്റർ ജോസ് പനച്ചിപ്പുറം ഉദ്ഘാടനം ചെയ്തു.

ഏറ്റുമാനൂരപ്പൻ കോളജ് പ്രിൻസിപ്പൽ ആർ.ഹേമന്ത് കുമാർ, ഡോ. ടി.കെ.സന്തോഷ് കുമാർ, വിനു ഏബ്രഹാം, ഡോ. ജോബിൻ ചാമക്കാലാ എന്നിവർ കെ. സുരേന്ദ്രന്റെ കഥാലോകത്തെ പരിചയപ്പെടുത്തുന്ന പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കഥേതര സാഹിത്യത്തെക്കുറിച്ച് സെബാസ്റ്റ്യൻ ആന്റണി, സി. അനൂപ്, ആർ.നന്ദകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം ഡോ. സാബു കോട്ടുക്കൽ, ഡോ. സുജ സുസൻ ജോർജ്, ഡോ. എ.മോഹനാക്ഷൻ നായർ, ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

'എനിക്കായ് 'എന്ന കൃതി എഴുതിയ ആശാ പ്രദീപിനെ ആദരിച്ചു.